ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു

(ബി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി. നിയമനങ്ങളിലെ അഴിമതി**

21 (32) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നിയമിക്കേണ്ട തസ്തികയിലെ അഴിമതി കണ്ടെത്തിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ നടന്ന കൃത്രിമങ്ങൾ തടയുന്നതിന് നിയമനങ്ങൾ പരിശോധിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ ഏതെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനുശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തി ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താല്ക്കാലിക നിയമനം**

22 (36) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സർവ്വീസിൽ താൽക്കാലികമായി ജീവനക്കാരെ നിയമിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ സർവ്വീസിൽ താത്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് KS&SSR Part II Rule 9(a)(i)-ൽ വ്യവസ്ഥയുണ്ട്. പ്രസ്തുത റൂൾ പ്രകാരമുള്ള താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിലവിൽ നടത്തി വരുന്നു.

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 റാങ്ക് പട്ടിക**

**23 (44)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ 14 ജില്ലകളിലും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്നറിയിക്കുമോ ;

(ബി) മേൽപറഞ്ഞ തസ്തികയുടെ എഴുത്തുപരീക്ഷ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയത് എന്നാണ് ;

(സി) പ്രസ്തുത തസ്തികയുടെ ചുരുക്കപ്പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചത് എന്നാണ് ;

(ഡി) പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടിക ഓരോ ജില്ലയിലും പി.എസ്.സി. എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ഉത്തരവ് നൽകുമോ ;

(എഫ്) റഗുലർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അഭാവംമൂലം മൃഗസംരക്ഷണ വകുപ്പിൽ അനുഭവപ്പെടുന്ന പ്രവർത്തന മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-3-2008-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം 14 ജില്ലകളിലേക്കും അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

(ബി) 26-6-2009-ൽ

(സി)

ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർക്കുന്നു.

| ജില്ല | പ്രസിദ്ധീകരിച്ച തീയതി |
|---|---|
| തിരുവനന്തപുരം | 1-11-2010 |
| കൊല്ലം | 5-10-2010 |
| പത്തനംതിട്ട | 29-9-2010 |
| ആലപ്പുഴ | 15-10-2010 |

LIBRARY ARCHIVES Kerala Legislative Assembly